കുടിയാൻ മലയിലെ സ്ഫോടനം

76 (1010) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിന് സമീപം കുടിയാൻമലയിൽ സി. പി.എം. നേതാവായ കെ. എം. ജോസഫിന്റെ തറവാട്ടു വീട്ടിൽ ബോംബ് സ്ഫോടനമുണ്ടായതിനെ തുടർന്ന് തൃശ്ശൂർ ഫോറൻസിക് ലബോറട്ടറിയിലെ അധികാരികൾ അവിടെ സന്ദർശിച്ചിരുന്നുവോ ; എങ്കിൽ ഏത് അധികാരിയാണവിടെ സന്ദർശിച്ചത് ;

(ബി) ഏതെല്ലാം പോലീസ് അധികാരികൾ തത്സമയം ഹാജരായിരുന്നു ;

(സി) അവിടെ നിന്ന് എന്തെല്ലാം സാധനങ്ങൾ കണ്ടെടുത്തു ;

(ഡി) ഇവ എന്തിന് ഉപയോഗിക്കാൻ വേണ്ടിയാണ് സൂക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ വസ്തുക്കൾ ബോംബു നിർമ്മാണത്തിനുപയോഗിക്കാനുതകുന്നവയാണോ ; എങ്കിൽ ഈ വസ്തുക്കളുപയോഗിച്ച് എത്ര ബോംബ് ഉണ്ടാക്കാൻ കഴിയും ;

(എഫ്) ഈ വസ്തുക്കൾ പോലീസ് കസ്റ്റഡിയിലെടുത്തുവോ ; എങ്കിൽ അവ കസ്റ്റഡിയിലെടുത്തത് സംബന്ധിച്ച് മഹസർ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഈ വസ്തുക്കൾ പോലീസ് കസ്റ്റഡിയിലെടുക്കാത്ത പക്ഷം അതിനുള്ള കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) കുടിയാൻ മലയിലെ ആൾപാർപ്പില്ലാത്ത വീട്ടിലുണ്ടായ ബോംബു സ്ഫോടനത്തെ തുടർന്ന് പോലീസ് മൊബൈൽ ലബോറട്ടറിയിലെ സയന്റിഫിക്ക് അസിസ്റ്റന്റ് 13-1-2001-ൽ സംഭവസ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ആലക്കോട് സർക്കിൾ ഇൻസ്പെക്ടറും കുടിയാൻമല പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും സംഭവ സ്ഥലത്തുണ്ടായിരുന്നു.

(സി-ജി) സംഭവത്തെ തുടർന്ന് കുടിയാൻമല പോലീസ് സ്റ്റേഷനിൽ ക്രൈം 3/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. സംഭവ സ്ഥലത്തു നിന്നും വിവിധ വസ്തുക്കൾ മഹസ്സർ തയ്യാറാക്കി പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കേസന്വേഷണം നടന്നു വരുന്നതിനാൽ മറ്റു വിശദവിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly